# ജീവിതമെന്ന പരീക്ഷണം

സി.എം റഫീഖ് കോക്കൂർ

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ : قَالَ رَسُولُ اللهِ ﷺ : مَنْ يُرِدِ اللهُ بِهِ خَيْرًا يُصِبْ مِنْهُ (بخاري)

**അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം: നബി(സ) അരുളി: "വല്ലവനും അല്ലാഹു നന്മ ചെയ്യാനുദ്ദേശിച്ചാൽ, അവനെ ആപത്തിലകപ്പെടുത്തും."** (ബുഖാരി)

കേവല ഭൗതിക മാനദണ്ഡങ്ങൾക്കപ്പുറം നന്മ-തിന്മകളുടെ യഥാർഥ മാനദണ്ഡത്തിലേക്ക് വിരൽ ചൂണ്ടുന്ന പ്രവാചക വചനമാണിത്.

ഭൗതികമായ മാനദണ്ഡം വെച്ചു നോക്കുമ്പോൾ, ആപത്തുകൾ പൂർണമായും തിന്മകളാണ്. അവ മനുഷ്യ ജീവിതത്തെ ദുരിതപൂർണമാക്കിത്തീർക്കുന്നു. ദുരിതം ബാധിക്കുമ്പോൾ പടച്ചവൻ തന്നെ നിന്ദിച്ചിരിക്കുന്നുവെന്ന് പറഞ്ഞു പോകുന്ന മനുഷ്യന്റെ മാനസികാവസ്ഥയിലേക്ക് ഖുർആൻ വിരൽ ചൂണ്ടുന്നത് ഈ അർഥത്തിലാണ്.

എന്നാൽ നിങ്ങൾ വെറുക്കുന്ന പല കാര്യങ്ങളും നന്മകളായേക്കാമെന്നും, നിങ്ങളിഷ്ടപ്പെടുന്ന പല സംഗതികളും നിങ്ങൾക്ക് ദോഷകരമാണെന്നും പറഞ്ഞുകൊണ്ട് കേവല ഭൗതികമായ ഈ കാഴ്ചപ്പാടിനെ അടിമുടി നിരാകരിക്കുകയാണ് ഖുർആൻ ചെയ്യുന്നത്.

ഇസ്‌ലാമിക ദൃഷ്ട്യാ മനുഷ്യജീവിതം പരീക്ഷണവും ഇഹലോകം പരീക്ഷണാലയവുമാണ്. പരലോകമാകട്ടെ, പ്രതിഫലലോകവും. വിജയപരാജയങ്ങളുടെ സാക്ഷാൽ മാനദണ്ഡം പരലോക മോക്ഷവുമായി ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത്. ആർ നരകത്തിൽനിന്ന് മോചിതരായി സ്വർഗത്തിൽ പ്രവേശിക്കുന്നുവോ, അവർ വിജയം വരിച്ചു. ഇഹലോക ജീവിതം വഞ്ചനാത്മകമായ ചരക്കല്ലാതെ മറ്റൊന്നുമല്ലെന്നുമാണ് ഖുർആൻ പഠിപ്പിക്കുന്നത്.

പരലോകത്തെ നഷ്ടപ്പെടുത്തി ഇഹത്തിൽ നേടുന്നതെന്തും വ്യർഥമാണ്. എന്നാൽ ഇഹത്തിൽ എത്ര തന്നെ കഷ്ടപ്പെടേണ്ടി വന്നാലും പരത്തിൽ വിജയിയെങ്കിൽ അതാണ് യഥാർഥ നേട്ടം. സാർഥകമാണാ ജീവിതം.

ഇബ്നു മസ്ഊദ്(റ)ൽനിന്ന് നിവേദനം: നബി(സ) കഠിന ജ്വരം ബാധിച്ച് കിടക്കെ ഞാൻ അദ്ദേഹത്തെ സന്ദർശിച്ചു. ഈ രോഗാവസ്ഥ അങ്ങേക്ക് ഇരട്ടി പുണ്യം ലഭിക്കാൻ വേണ്ടിയായിരിക്കാം എന്ന് ഞാൻ പറഞ്ഞു. നബി(സ) അരുളി: "അതെ, ശരി തന്നെ. ഒരു മുസ്‌ലിമിനെ വല്ല അസുഖവും ബാധിച്ചാൽ മരത്തിന്റെ ഇല ഉണങ്ങി വീഴും പോലെ അവന്റെ പാപങ്ങൾ അവനിൽനിന്ന് പോയികൊണ്ടിരിക്കും" (ബുഖാരി). ■